പരോൾ നിയമം കർശനമാക്കാൻ നടപടി

23 [1692] *ശ്രീ. തോമസ് ചാഴികാടൻ*:

„ *റോഷി അഗസ്റ്റിൻ*:

„ *കെ. നാരായണക്കുറുപ്പ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിൽ നിന്ന് പരോളിൽ ഇറങ്ങിയ തടവുകാരിൽ പലരും തിരിച്ചെത്തിയിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ തിരിച്ചെത്താനുള്ളവർ എത്രയെന്ന് അറിയിക്കാമോ;

(സി) ഇവരെ കണ്ടെത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ;

(ഡി) പരോൾ നിയമം കർശനമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 86 പേർ. ജയിൽതിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

സെൻട്രൽ ജയിൽ, തിരുവനന്തപുരം	–	40
സെൻട്രൽ ജയിൽ, കണ്ണൂർ	–	16
സെൻട്രൽ ജയിൽ, വിയ്യൂർ	–	2
തുറന്ന ജയിൽ നെട്ടുകാൽത്തേരി	–	28
ആകെ	–	86

(സി) പരോൾ കാലാവധി കഴിഞ്ഞ് തിരികെ ജയിലിൽ പ്രവേശിക്കാത്ത തടവുകാരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് ജയിലിൽ തിരികെ പ്രവേശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടുമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ ഇക്കാര്യത്തിൽ നിരന്തരം പോലീസുമായി ബന്ധപ്പെടുകയും ചെയ്യുന്നുണ്ട്.

(ഡി) നിലവിൽ പരോൾ നിയമങ്ങൾ കർശനമാണ്. എന്നാൽ ഈ നിയമങ്ങൾ കാലോചിതമായി വീണ്ടും പരിഷ്ക്കരിക്കുന്നതിന് ഗവൺമെന്റിന് വേണ്ട ഉപദേശം നൽകുന്നതിലേക്ക് റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജി ശ്രീ. വി. ആർ. കൃഷ്ണയ്യർ ചെയർമാനായി ഒരു ഉന്നതാധികാര കമ്മിറ്റിയെ സർക്കാർ നിയമിക്കുകയും, ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരോൾ നിയമം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly